ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

2003-04-ൽ സർക്കാർ കക്ഷിയായി ഹൈക്കോടതി മുമ്പാകെ വന്ന കേസുകൾ

90. [855] ശ്രീ. പി.ജെ. ജോയി :
" ലൂഡി ലൂയിസ് :
" കെ. മുഹമ്മദാലി :
" കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003-04 ൽ സർക്കാർ കക്ഷിയായി എത്ര കേസുകൾ സംസ്ഥാന ഹൈക്കോടതി മുമ്പാകെ വന്നു എന്ന് അറിയാമോ ;

(ബി) പ്രസ്തുത കേസുകളിലെല്ലാം അഫിഡവിറ്റ് ഫയൽ ചെയ്യുവാൻ സെക്രട്ടേറിയറ്റിൽ നിന്ന് എത്ര ഉദ്യോസ്ഥന്മാർ പോയിട്ടുണ്ട് ;

(സി) ഹൈക്കോടതി ആവശ്യപ്പെട്ടതനുസരിച്ച് ഈ കാലഘട്ടത്തിൽ കേസുകളുമായി ബന്ധപ്പെട്ട് എത്ര സെക്രട്ടറിമാരും വകുപ്പ്അദ്ധ്യക്ഷന്മാരും മറ്റ് ഉദ്യോഗസ്ഥരും തിരുവനന്തപുരത്തുനിന്ന് ഹൈക്കോടതിയിലേക്ക് പോയി ;

(ഡി) ഇക്കാലയളവിൽ ഹൈക്കോടതിയിൽ പോയിട്ടുള്ള ഉദ്യോഗസ്ഥന്മാർക്ക് ടി.എ., ഡി.എ. ഇനത്തിൽ എന്തു തുക ചെലവായി എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ, ബി, സി & ഡി) വിവരം ശേഖരിച്ചുവരുന്നു.

കൊണ്ടോട്ടിയിൽ ട്രാഫിക് യൂണിറ്റ്

91. [856] ശ്രീ. കെ.എൻ.എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊണ്ടോട്ടിയിൽ ഒരു ട്രാഫിക് യൂണിറ്റ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കൊണ്ടോട്ടിയിൽ ഒരു ട്രാഫിക് യൂണിറ്റ് ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

വി.ജെ.റ്റി ഹാളിനു മുമ്പിലുള്ള ട്രാഫിക് സിഗ്നൽ സിസ്റ്റം സംബന്ധിച്ച്

92. [857] ശ്രീ. ബി. വിജയകുമാർ :
" വി.ഡി. സതീശൻ :
" കെ.എ. ചന്ദ്രൻ :
" എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ സ്ഥാപിച്ചിട്ടുള്ള എത്ര ട്രാഫിക് സിഗ്നൽ ലൈറ്റുകൾ കത്താതിരിക്കുന്നുണ്ടെന്നും എത്ര എണ്ണം പ്രവർത്തിപ്പിക്കാതെ കിടക്കുന്നു എന്നും വ്യക്തമാക്കുമോ ;

(ബി) വി.ജെ.റ്റി. ഹാളിനു മുമ്പിലുള്ള ട്രാഫിക് സിഗ്നൽ സിസ്റ്റം പ്രവർത്തിപ്പിക്കാത്തതെന്തുകൊണ്ടാണെന്ന് അറിയിക്കുമോ ;

(സി) ഇവിടെ പി.എം.ജി.യിൽ നിന്ന് കിഴക്കേകോട്ടക്കു പോകുന്ന റോഡു ഭാഗത്ത് കാൽനട യാത്രക്കാരെ സഹായിക്കാൻ ട്രാഫിക് കോൺസ്റ്റബിൾമാരെ നിയോഗിച്ചിട്ടുള്ളതുപോലെ സ്റ്റാച്ച്യൂ ഭാഗത്തു നിന്ന് പി.എം.ജി.യിലേക്കു പോകുന്ന ഭാഗത്തും കാൽനട യാത്രക്കാരെ സഹായിക്കാൻ ട്രാഫിക് കോൺസ്റ്റബിളിനെ നിയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഇവിടുത്തെ ട്രാഫിക് സിഗ്നൽ സിസ്റ്റം പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിൽ സ്ഥാപിച്ചിട്ടുള്ള ട്രാഫിക് സിഗ്നൽ ലൈറ്റുകളിൽ വി.ജെ.റ്റി. ഹാളിനു മുന്നിലുള്ള ട്രാഫിക് സിഗ്നൽ സിസ്റ്റത്തിൽ അപാകത ഉള്ളതിനാലും മെഡിക്കൽ കോളേജ്, ശ്രീകാര്യം എന്നീ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സിഗ്നൽ ലൈറ്റ് സിസ്റ്റത്തിൽ വ്യത്യാസം ഉള്ളതിനാലും താൽക്കാലികമായി പ്രവർത്തിപ്പിക്കുന്നില്ല.

(ബി) വി.ജെ.റ്റി. ഹാളിനു മുമ്പിലുള്ള ട്രാഫിക് സിഗ്നൽ സിസ്റ്റം അപാകത ഉള്ളതിനാൽ താല്കാലികമായി പ്രവർത്തിപ്പിക്കുന്നില്ല.

(സി) നടപടി സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly